636

**"ഭരണഭാഷ മാതൃഭാഷ"**

നം.എസ് 3(എ) 36600/2017/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി :03.02.2018.

പ്രേഷകൻ
പൊതുവിദ്യാഭ്യാസ ഡയറക്ടർ.

സ്വീകർത്താവ്
വിദ്യാഭ്യാസ ഉപഡയറക്ടർ,
എറണാകുളം/തൃശ്ശൂർ.

സർ,

വിഷയം:-പൊതുവിദ്യാഭ്യാസ വകുപ്പ്: സ്കൂൾ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിലേക്ക് - ഓൺലൈൻ സോഫ്റ്റ് വെയറിൽ പരിശീലനം നൽകുന്നത് - സംബന്ധിച്ച്.

സൂചന:-1. സർക്കാർ ഉത്തരവ് (സാ) നമ്പർ 2223/2017/പൊ.വി.വ. നമ്പരായ 07.07.2017 ലെ സർക്കാർ ഉത്തരവ്.
2. 01.02.2018 ലെ ഈ ഓഫീസിലെ ഇതേ നമ്പർ കത്ത്.

പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സ്കൂളുകളിൽ നിന്നും അടിസ്ഥാന സൗകര്യങ്ങൾ, വിദ്യാർത്ഥികൾ, അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, ഭരണനിർവ്വഹണ ജീവനക്കാർ എന്നിവരെ സംബന്ധിക്കുന്ന വിവരങ്ങൾ ഓൺലൈൻ ആയി ശേഖരിച്ച് സ്കൂൾ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിലേക്ക്, കൈറ്റിന്റെ സഹകരണത്തോടെ പുതുതായി തയ്യാറാക്കിയ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിൽ പരിശീലനം നൽകുന്നത് സംബന്ധിച്ച് സൂചന (2) പ്രകാരം അറിയിച്ചിരുന്നു. പ്രസ്തുത പരിപാടിയുടെ വേദിയും സമയക്രമവും ചുവടെ ചേർക്കുന്നു.

| പരിശീലനം നടക്കുന്ന തീയതിയും സ്ഥലവും | പരിശീലനത്തിൽ പങ്കെടുക്കുന്ന ജില്ലകൾ |
|---|---|
| **09.02.2018, വെള്ളി, സെന്റ് തെരേസാസ് എച്ച്.എസ്.എസ്. ഗവൺമെന്റ് ഗസ്റ്റ് ഹൗസിനു സമീപം, എറണാകുളം.** | **പരിപാടി 1: രാവിലെ 10 മണി മുതൽ** - തൃശ്ശൂർ ജില്ല |
| | **പരിപാടി 2: ഉച്ചയ്ക്ക് 2 മണി മുതൽ** എറണാകുളം ജില്ല |

പ്രസ്തുത പരിശിലന പരിപാടിയിൽ, സൂചന (2) ലെ കത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം, എല്ലാ പ്രതിനിധികളെയും പങ്കെടുപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധ ഉണ്ടാകണമെന്നും താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ (സ്റ്റാറ്റിസ്റ്റിക്സ്),
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി.

പകർപ്പ് :
എല്ലാ ഡി.ഇ.ഒ/എ.ഇ.ഒ മാർ,
എല്ലാ സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ് (അംഗീകൃതം) വിഭാഗത്തിലെ എച്ച്.എസ്/യു.പി. സ്കൂളുകളിലെ പ്രഥമാദ്ധ്യാപകർക്കും (ഡി.ഇ.ഒ/എ.ഇ.ഒ. മുഖേന)

പകർത്ത് കത്ത് നമ്പർ-C/636/2018 dt 5.2.2018
കത്ത് പ്രകാരം എല്ലാ Govt UP, Aided UP, unaided LP/UP
എന്നി സ്കൂളിലെ HM അല്ലെങ്കിൽ HM ചുമതലപ്പെടുത്തുന്ന
ഒരു ഉദ്യോഗസ്ഥൻ 9/2/2018-ന് ഉച്ചക്ക് 2-മണിക്ക് എറണാകുളം
St Theresas H.S.S Govt School-ൽ വച്ച് നടക്കുന്ന പരിശീലന പരിപാടിയിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ
ആലുവ.